ഹദീസ്

മൂസ ഉമരി, പാലക്കാട്

# ന്യായാധിപർ മൂന്നു തരം

عَنْ بُرَيْدَةَ رَضِي الله عَنْه قَالَ : قَالَ رَسُولُ اَللَّهِ صلى الله عليه وسلم : اَلْقُضَاةُ ثَلَاثَةٌ: اِثْنَانِ فِي اَلنَّارِ, وَوَاحِدٌ فِي اَلْجَنَّةِ. رَجُلٌ عَرَفَ اَلْحَقَّ, فَقَضَى بِهِ, فَهُوَ فِي اَلْجَنَّةِ. وَرَجُلٌ عَرَفَ اَلْحَقَّ, فَلَمْ يَقْضِ بِهِ, وَجَارَ فِي اَلْحُكْمِ, فَهُوَ فِي اَلنَّارِ. وَرَجُلٌ لَمْ يَعْرِفِ اَلْحَقَّ, فَقَضَى لِلنَّاسِ عَلَى جَهْلٍ, فَهُوَ فِي اَلنَّارِ (رَوَاهُ اَلْأَرْبَعَةُ, وَصَحَّحَهُ اَلْحَاكِمُ)

**ബുറൈദ(റ)യിൽനിന്ന്. റസൂൽ(സ) പറഞ്ഞു: 'വിധികർത്താക്കൾ മൂന്നു തരമാണ്. രണ്ട് വിഭാഗവും നരകത്തിലാണ്. ഒരു കൂട്ടർ മാത്രമാണ് സ്വർഗത്തിൽ. സത്യം മനനസ്സിലാക്കുകയും അതനുസരിച്ച് വിധിക്കുകയും ചെയ്തവൻ സ്വർഗത്തിൽ. സത്യം മനസ്സിലാക്കുകയും അതനുസരിച്ച് വിധിക്കാതിരിക്കുകയും വിധിയിൽ അക്രമം കാണിക്കുകയും ചെയ്തവൻ നരകത്തിൽ, സത്യമറിയാതെ അജ്ഞനായിക്കൊണ്ടാണ് ഒരാൾ ജനങ്ങൾക്കു വേണ്ടി വിധിപറഞ്ഞതെങ്കിൽ അയാളും നരകത്തിൽതന്നെ' (അബൂദാവൂദ്, ഇബ്നുമാജ, തിർമിദി, നസാഈ).**

മേൽ നബിവചനത്തിൽ വിധികർത്താക്കളെ മൂന്ന് വിഭാഗമാക്കി തിരിച്ചിരിക്കുകയാണ്. ഇതിൽ ഒന്നാം വിഭാഗം സത്യമറിഞ്ഞ് നീതിയോടെ വിധിച്ചവരാണ്, അവർ സ്വർഗാവകാശികളുമാണ്. ഭൗതിക താൽപര്യങ്ങളും പ്രലോഭനങ്ങളുമൊന്നും അവരെ സത്യത്തിന്റെ പാതയിൽനിന്ന് പിന്തിരിപ്പിക്കുകയില്ല. കോടതി വ്യവഹാരങ്ങളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല നീതി. എല്ലാവിധ സാമൂഹിക പ്രവർത്തനങ്ങളിലും നീതിയോടെ വർത്തിച്ചേ മതിയാവൂ.

ഇസ്‌ലാം നീതിയുടെ ദീനാണ്. ശത്രുവിനു പോലും നീതി ലഭ്യമാക്കുന്നതിൽ ഒന്നും തടസ്സമാകരുതെന്ന് ഖുർആൻ ഉണർത്തിയിട്ടുണ്ട്. നീതിരാഹിത്യമാണ് ഇന്ന് ലോകം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അതിവാദങ്ങളും തീവ്രചിന്തകളുമെല്ലാം നീതിനിഷേധങ്ങളിൽനിന്നാണ് പലപ്പോഴും പൊട്ടിമുളക്കുന്നത്.

ഏറ്റവും വലിയ നീതിമാൻ അഥവാ നീതിയുടെ പൂർണത അല്ലാഹു തന്നെയാണ്. 'നീതിയുടെ ത്രാസ് നാം വിചാരണാ നാളിൽ സ്ഥാപിക്കും' എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. തന്റെ അടിമകളുടെ കർമങ്ങൾ ഒരുവിധ പിഴവോ കുറവോ കൂടാതെ കൃത്യമായി കണക്കാക്കി, വിലയിരുത്തി വിധി പ്രഖ്യാപിക്കും.

രണ്ടു വിഭാഗം ആളുകൾ തർക്കത്തിൽ ഏർപ്പെട്ടാൽ അതിൽ നീതിപൂർവം ഇടപെടണമെന്നും കാഴ്ചക്കാരായി നിൽക്കാതെ അനീതി കാണിക്കുന്നവരെ നീതിയുടെ പക്ഷത്ത് എത്തിക്കാൻ സമ്മർദം ചെലുത്തണമെന്നും അവർ വിസമ്മതിച്ചാൽ അവരുമായി സംഘർഷമാകാമെന്നും ഖുർആൻ സൂറ *അൽഹുജുറാത്തിൽ* ഉപദേശിച്ചിട്ടുണ്ട്. അപ്പോഴെല്ലാം നീതിയുടെ പക്ഷത്തായിരിക്കണം നാം നിൽക്കേണ്ടത്. നീതി പാലിക്കുന്നവരെ മാത്രമേ അല്ലാഹുവിന് ഇഷ്ടമുള്ളൂവെന്നും തൊട്ടുടനെ പറഞ്ഞിട്ടുണ്ട്.

വ്യക്തിപരമായ ഇടപഴക്കങ്ങളിലും കുടുംബ ജീവിതത്തിലും നീതിപൂർവകമല്ലാത്ത വാക്കും പ്രവൃത്തിയും ഇസ്‌ലാം വിലക്കിയതാണ്. ആശ്രിതരെന്നു കരുതി, അവരോട് എന്തും പറയാനും തന്നിഷ്ടം നടപ്പാക്കാനും ഇസ്‌ലാമിൽ അനുവാദമില്ല. ജീവിതത്തിന്റെ നാനാതുറകളിലും ഒരു വിശ്വാസിയെ അലട്ടേണ്ടത്, എന്റെ ദീൻ എന്നിൽ നിഷ്കർഷിക്കുന്ന നീതിസാരത്തിന് അനുഗുണമല്ലാത്ത എന്തെങ്കിലും തന്നിൽ വന്നുപോകുന്നുണ്ടോ എന്നതാണ്. എങ്കിൽ മാത്രമേ നീതിനിഷേധത്തിനെതിരെ അണിചേരാൻ വിശ്വാസിക്ക് ധാർമികമായി യോഗ്യതയുണ്ടാകൂ.

ഇമാം മാലിക് സഈദുബ്നു മുസയ്യിബിൽനിന്ന് ഉദ്ധരിച്ച ഒരു ഹദീ

സിൽ ഇങ്ങനെയുണ്ട്: ഒരു ജൂതനും ഒരു മുസ്‌ലിമും തമ്മിൽ തർക്കമുണ്ടായി. ജൂതൻ ഖലീഫ ഉമറി(റ)നോട് പരാതിപ്പെട്ടു. ഉമർ(റ) ഇരുവരെയും ശ്രദ്ധിച്ചു കേട്ടു. സത്യം ജൂതന്റെ ഭാഗത്താണെന്ന് അദ്ദേഹത്തിന് ബോധ്യമായി. അയാൾക്ക് അനുകൂലമായി വിധികൽപ്പിക്കുകയും ചെയ്തു. അയാൾ പറഞ്ഞു: 'താങ്കൾ നീതിപൂർവം വിധികൽപിച്ചിരിക്കുന്നു.' ഞാൻ നീതിപൂർവമാണ് വിധികൽപിച്ചതെന്ന് താങ്കൾക്ക് എങ്ങനെ അറിയാമെന്ന് ഉമർ(റ) ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു; 'ഞാൻ തൗറാത്തിൽ കണ്ടിട്ടുണ്ട്, ഒരാൾ നീതിപൂർവകമായാണ് വിധികൽപിക്കുന്നതെങ്കിൽ അയാളുടെ ഇടത്തും വലത്തും ഓരോ മാലാഖമാർ വീതമുണ്ടാവും. ഈ മാലാഖമാർ അയാൾക്ക് നീതിപൂർവം വിധികൽപിക്കാനായി എല്ലാം ശരിപ്പെടുത്തിക്കൊണ്ടിരിക്കും. എന്നാൽ വിധികർത്താവ് ന്യായം വിട്ട് നീങ്ങിയാൽ മാലാഖമാർ അയാളെ കൈവിടുകയും അവർ അവരുടെ ലോകത്തേക്ക് കയറിപ്പോവുകയും ചെയ്യും.' ഇതു കേട്ട മാത്രയിൽ ഉമർ(റ) തന്റെ കൈയിലുണ്ടായിരുന്ന ചാട്ട അന്തരീക്ഷത്തിൽ ചുഴറ്റി ശബ്ദമുണ്ടാക്കി തന്റെ സന്തോഷം അറിയിച്ചു. പൊതുപ്രവർത്തകർക്ക് ഇങ്ങനെ നീതിപൂർവം ഇടപെടാൻ കഴിയണം.

വിധികർത്താക്കളായ രണ്ടാമത്തെ വിഭാഗം സത്യം മനസ്സിലാക്കിയിട്ടും സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ധർമചിന്ത കൈവിട്ട് നീതിയെ തട്ടിത്തെറിപ്പിച്ച് സത്യവിരുദ്ധമായി വിധി കൽപിച്ചവരാണ്. ലോകത്ത് എല്ലായിടത്തും ഇത്തരം ന്യായാധിപന്മാർ ഉണ്ടെന്നത് അനുഭവയാഥാർഥ്യമാണ്. ഏറ്റവും വലിയ നീതിമാനായ റബ്ബിന്റെ മഹാ കോടതിയിൽ വിചാരണക്ക് വിധേയമാകേണ്ടിവരുമെന്ന ചിന്തയില്ലെങ്കിൽ നിതിയും ന്യായവും കൈയൊഴിയുന്ന വിധികർത്താക്കൾ ഉണ്ടാകുമെന്നത് സ്വാഭാവികം മാത്രം. പരലോകത്ത് നരകമായിരിക്കും അവരുടെ സങ്കേതം.

മൂന്നാമത്തെ വിഭാഗം നീതിയും ന്യായവും എന്തെന്ന് അറിയാൻ പോലും ശ്രമിക്കാതെ വിധികൽപ്പിക്കുന്നവരാണ്. ജനങ്ങളുടെ മൗലികാവകാശങ്ങളായിരിക്കും പലപ്പോഴും ഈ വിവരമില്ലായ്മകൊണ്ട് പിച്ചിച്ചീന്തപ്പെടുന്നത്. എല്ലാറ്റിന്റെയും ഉടയവനും നാഥനുമായ അല്ലാഹു എല്ലാവർക്കും അവരുടേതായ അവകാശം വകവെച്ചു കൊടുത്തിട്ടുണ്ട്. ഇത് ഹനിക്കാൻ ഒരാൾക്കും ഒരവകാശവും ഇല്ല. വ്യവസ്ഥകളുടെ, സമ്പ്രദായങ്ങളുടെ, ധിക്കാരത്തിന്റെ, വംശീയ-വർഗീയ വിദ്വേഷത്തിന്റെയുമെല്ലാം പേരിൽ നീതി നിഷേധിക്കപ്പെടുന്ന ഇരകളുടെ സങ്കട വിലാപങ്ങൾ ഇന്ന് ലോകത്തിന്റെ സ്വൈരം കെടുത്തുകയാണ്. റസൂൽ(സ) താക്കീതു നൽകി: മർദിതന്റെ പ്രാർഥന ഭയപ്പെടുക. അവന്റെയും അല്ലാഹുവിന്റെയും ഇടയിൽ മറയില്ല. മർദിതന്റെ സങ്കടക്കണ്ണീർ അല്ലാഹു കണ്ടറിയുന്നുണ്ട്. ●